بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 22.09.17 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*22.09.17 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ഏതൊരു കൂട്ടരെ കാണുമ്പോഴാണോ നിങ്ങൾക്ക് ദൈവത്തെ ഓർമവരുന്നത് അത്തരക്കാരുടെ മജ്‌ലിസുകളിൽ നിങ്ങൾ ഇരിക്കുക. അവരുടെ സംസാരംകൊണ്ട് നിങ്ങളുടെ മതപരമായ അറിവ് വർധിക്കുകയും അവരുടെ കർമങ്ങൾ നിങ്ങളെ പരലോകത്തെക്കുറിച്ച് ഓർമപ്പെടുത്തുകയും വേണം. മാതാപിതാക്കളും തങ്ങളുടെ കുട്ടികളുടേയും മജ്‌ലിസുകളുടേയും അവരുടെ കൂട്ടുകെട്ടുകളുടേയുംമേൽ ദൃഷ്ടിവെക്കേണ്ടതാണ്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു: ലോകത്ത് ഒരുപാട് തരത്തിലുള്ള മജ്‌ലിസുകൾ അഥവാ സഭകളുണ്ട്. എല്ലാത്തരം സഭകളും കമ്മറ്റികളും ചേർന്നുകൊണ്ടിരിക്കുന്നത് ഭൗതികജോലിക്കുവേണ്ടിയാണ്. ആ മജ്‌ലിസുകളൊന്നും ദൈവത്തിനുവേണ്ടിയോ ദൈവത്തിന്റെ പ്രീതിക്കുവേണ്ടിയോ അല്ലെങ്കിൽ ദൈവത്തിന്റെ സാമീപ്യം ലഭിക്കുന്നതിനുവേണ്ടിയോ അല്ല. ഇനി ജനങ്ങളുടെ ഉന്നതിക്കുവേണ്ടി ഏതെങ്കിലും മജ്‌ലിസ് അഥവാ കമ്മിറ്റി ചേരുകയോ ആലോചിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതും ഭൗതികോദ്ദേശ്യങ്ങൾക്കുവേണ്ടിയാണ്. ദൈവത്തിന്റെ സന്തോഷം അതിലും ഉദ്ദേശ്യമായിരിക്കുകുകയില്ല. പക്ഷേ, ചില മജ്‌ലിസുകളുണ്ട്. അത് മതപരമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയുള്ളതാണ്. മനുഷ്യരെ അല്ലാഹുവിന്റെ അടുത്തുകൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ചിന്തിക്കുന്നതിനുവേണ്ടിയുള്ളതാണ്. ആ മജ്‌ലിസുകളിൽ പങ്കെടുക്കുന്നവർ ദൈവതൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് ഒത്തു ചേരുന്നത്. ദൈവത്തിന് ഇഷ്ടപ്പെട്ട അത്തരം മജ്‌ലിസുകളും ആ മജ്‌ലിസുകളുടെ ഫലങ്ങളും ഈ ലോകത്തും പ്രകടമാകാറുണ്ട്. മരിച്ചതിനുശേഷവും അത്തരം മജ്‌ലിസുകളിൽ പങ്കെടുക്കുന്നവർക്ക് അല്ലാഹു അനുഗ്രഹം നൽകും. അതുകൊണ്ട് തന്റെ വീട്ടിലെ മജ്‌ലിസാണെങ്കിലും വീടിന് വെളിയിലുള്ള മജ്‌ലിസാണെങ്കിലും അല്ലാഹുവിന്റെ തൃപ്തിയെ നമുക്കെങ്ങനെ കരസ്ഥമാക്കാം? നമ്മുടെ ആത്മീയതയെ എങ്ങനെ സംരക്ഷിക്കാം? നമ്മുടേയും സത്യവിശ്വാസികളുടേയും അവസ്ഥയെ എങ്ങനെ മെച്ചപ്പെടുത്താം എന്നതിനുവേണ്ടിയുള്ള ശ്രമത്തിലിരിക്കേണ്ടത് ഒരു മുഅ്മിന്റെ ജോലിയാണ്. ഒരു മുഅ്മിന്റെ ബാഹ്യത്തിലുള്ള ഭൗതികമായ മജ്‌ലിസും ദൈവസ്മരണയിൽനിന്ന് ശൂന്യമായിരിക്കുകയില്ല. ഭൗതികമായ ജോലികൾ ചെയ്തുകൊണ്ടിരിക്കുമ്പോഴും വ്യർഥമായ കാര്യങ്ങളിൽനിന്ന് അവർ വിട്ടുനിൽക്കുന്നതായിരിക്കും.

ഇതുതന്നെയാണ് ഒരു മുഅ്മിനിൽനിന്ന് പ്രതീക്ഷിക്കുന്നതും. ഇക്കാര്യങ്ങൾ അവർ എപ്പോഴും മുന്നിൽവെക്കേണ്ടതാണ്. വിശുദ്ധഖുർആനിലും അല്ലാഹു മുഅ്മിനീംകളുടെ മജ്‌ലിസുകളെക്കുറിച്ച് നൽകിയിട്ടുള്ള നിർദ്ദേശം ഇതുതന്നെയാണ്. ധിക്കാരങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും പാപങ്ങളിൽനിന്നും പരിശുദ്ധരായിരിക്കുകയും റസൂലിനെ നിഷേധിക്കുന്നതിൽനിന്ന് രക്ഷപ്പെടുകയും തഖ്‌വയിലൂടെ നടക്കുകയും ചെയ്യുന്ന മജ്‌ലിസുകളായിരിക്കേണ്ടതാണ്. പക്ഷേ, ഖേദകരമെന്നു പറയട്ടെ! ഇക്കാലത്തെ മുസ്‌ലിംകളുടെ ഭൂരിപക്ഷം മജ്‌ലിസുകളും ഇതിന് തികച്ചും വിരുദ്ധമാണ്. മുസ്‌ലിംകൾ മുസ്‌ലിംകളെ നശിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ മുഴുകുകയും പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: **യാ അയ്യുഹല്ലദീന ആമനൂ ഇദാ തനാജയ്ത്തും ഫലാ തത്തനാജൗ ബിൽഇഥ്മീ വൽഉദ്‌വാനി വ മഅ്സിയ്യത്തിർറസൂലി വ തനാജൗ ബിൽബിർറി വത്തഖ്‌വാ വത്തഖുല്ലാഹല്ലദീ ഇലയ്ഹീ തുഹ്ശറൂൻ.** വിശ്വസിച്ചവരേ, നിങ്ങൾ രഹസ്യാലോചന നടത്തുമ്പോൾ നിങ്ങൾ കുറ്റം ചെയ്യാനും അതിക്രമം പ്രവർത്തിക്കാനും ദൈവദൂതന്റെ കല്പന ലംഘിക്കാനും രഹസ്യാലോചന നടത്തരുത്. എന്നാൽ, നന്മ പ്രവർത്തിക്കാനും സൂക്ഷ്മത കൈക്കൊള്ളാനും നിങ്ങൾ രഹസ്യാലോചന നടത്തിക്കൊള്ളുക. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. അവനിലേക്കാണ് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത്.(58:10)

പക്ഷേ, ഞാൻ പറഞ്ഞതുപോലെ മുസ്‌ലിംകൾ അല്ലാഹുവിന്റെ ഈ കല്പന മറന്നുപോയി. പരസ്പരമുള്ള ഭിന്നത അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നു. അല്ലാഹു മുഅ്മിന്റെ അടയാളമായി പറഞ്ഞത് **റുഹമാഉ ബയ്നഹും**(48:30) അവർ പരസ്പരം കാരുണ്യമുള്ളവരും ഇണക്കമുള്ളവരുമാണെന്നാണ്. പക്ഷേ, ഇവിടെ നമ്മൾ കാണുന്നത് കാഫിരീംകളുടെ അവസ്ഥ അല്ലാഹു വരച്ചുകാണിച്ചതാണ്. അവരെക്കുറിച്ച് പറയുന്നത് **വ ഖുലൂബുഹും ശത്താ** (59:15)എന്നാണ്. അവരുടെ ഹൃദയങ്ങൾ വിഭിന്നങ്ങളാണ്. അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിച്ചുകൊണ്ടും തഖ്‌വയിൽനിന്ന് അകന്നുകൊണ്ടുമാണ് പരസ്പരവും അന്യരുമായുള്ള കൂടിയാലോചനയാണെങ്കിലും രഹസ്യമായുള്ള ഉടമ്പടികളാണെങ്കിലും നടത്തുന്നത്. ദൈവഭയമാണെങ്കിൽ തീരെയില്ല. അല്ലാഹുവിനെ ഭയപ്പെടുകയെന്നും അവന്റെ സന്നിധിയിൽ നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നതാണെന്നും അല്ലാഹു പറയുന്നു. അവിടെ ഭരണകൂടങ്ങളും രാജത്ത്വവും സമ്പത്തും പാശ്ചാത്യശക്തികളുടെ ആശിർവാദങ്ങളും പ്രയോജനം ചെയ്യുകയില്ല. അവിടെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളെ ധിക്കരിച്ചതിനും തഖ്‌വയിൽനിന്ന് അകന്നതിനുമുള്ള ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്താൻ ഒരു വൻശക്തിക്കും സാധ്യമല്ല. അല്ലാഹുവിന്റെ സത്തയിലുള്ള ഈമാനും യഖീനും അവസാനിച്ചുപോയി. അല്പമാത്രമെങ്കിലും അല്ലാഹുവിന്റെ സത്തയിൽ ഈമാനും യഖീനും ഉണ്ടായിരുന്നെങ്കിൽ മുസ്‌ലിം രാഷ്ട്രീയക്കാരുടേയും ലീഡർമാരുടെയും ഇന്ന് കാണുന്ന അവസ്ഥ ഉണ്ടാകുമായിരുന്നില്ല. അതുപോലെതന്നെ ഇന്ന് നമ്മൾ കണ്ടുവരുന്നതുപോലെ നാമമാത്ര ഉലമാക്കളുടെ ഈ അവസ്ഥയും ഉണ്ടാകുമായിരുന്നില്ല. എന്തായാലും ഈ കാലഘട്ടത്തിൽ നമ്മൾ ഇത്തരം എല്ലാ ചിന്താഗതികളോടുംകൂടി നമ്മെ പരിശുദ്ധരാക്കുകയും അല്ലാഹുവിനോടുള്ള ഭയവും ഭക്തിയും നമ്മുടെ ഉള്ളിൽ വർധിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം അനഹ്മദിമുസ്‌ലിംകളുമായും ബന്ധങ്ങൾ ഉണ്ടാക്കുകയും എത്രത്തോളം നമുക്ക്

നമ്മുടെ വൃത്തത്തിൽ മുസ്‌ലിംകൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ കഴിയുമോ മനസ്സിലാക്കികൊടുക്കുകയും ചെയ്യുക എന്നത് നമ്മുടേയും നിർബന്ധകടമയാണ്; നിങ്ങളുടെ ഈ അവസ്ഥ നിങ്ങളെ പരിപൂർണമായും അന്യരുടെ അടിമത്വത്തിൽ കൊണ്ടുചെന്നെത്തിക്കുക മാത്രമല്ല മറിച്ച് ദൈവത്തിന്റെ ശിക്ഷയ്ക്കും നിങ്ങൾ പാത്രീഭൂതരാകുന്നതാണെന്നും ഏതൊരു ലോകത്തിന്റെ പിന്നാലെയാണോ നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത് അവരും നിങ്ങളുടെ കൈയിൽനിന്ന് പൊയ്പ്പോകുമെന്നും ദീനിനെ നിങ്ങൾ മുമ്പേതന്നെ ഉപേക്ഷിച്ചിരിക്കുകയാണെന്നും ഇനിയും സമയമുണ്ടെന്നും അതിനാൽ അല്ലാഹുവിനോടുള്ള ഭയവും തഖ്‌വയും മനസ്സുകളിൽ ഉണ്ടാക്കുകയെന്നും ഇല്ലെങ്കിൽ എല്ലാംതന്നെ കൈയിൽനിന്ന് പൊയ്പ്പോകുമെന്നും മുസ്‌ലീംകൾക്ക് മനസ്സിലാക്കിക്കൊടുക്കുക.

ഭൗതികമായ കാര്യങ്ങൾ ചർച്ചചെയ്യുന്ന മജ്‌ലിസുകളിൽ ഒന്ന് യു.എൻ ഓയുടേതുമാണ്. ഇപ്പോൾ കഴിഞ്ഞദിവസമാണ് അതിന്റെ ഒരു മീറ്റിംഗുണ്ടായത്. അമേരിക്കൻ പ്രസിഡണ്ടിന്റെ പ്രസംഗവുമുണ്ടായിരുന്നു. പാശ്ചാത്യ നിരൂപകൻ എഴുതി: 'ഈ പ്രസംഗം സമാധാനമുണ്ടാക്കുന്നതിനുപകരം കുഴപ്പവും കലഹവും ഉണ്ടാക്കാനാണ് കൂടുതൽ സാധ്യത. എന്നല്ല ഇതും അദ്ദേഹം തുറന്നെഴുതി: 'ഈ പ്രസംഗം കൊണ്ട് സൗദിഅറേബ്യയും അല്പം ചില മുസ്‌ലിംരാഷ്ട്രങ്ങളും സന്തോഷിക്കുന്നുണ്ടാകും. എന്നാൽ, അങ്ങേയറ്റം നിരാശാജനകവും യുദ്ധത്തിന്റേയും കലഹത്തിന്റേയും അഗ്നി ജ്വലിപ്പിക്കുന്നതുമായ പ്രസംഗമായിരുന്നു അത്.' അതിനാൽ മുസ്‌ലിംഭരണകൂടങ്ങൾ അല്ലാഹുവിന്റെ കല്പനകളെ നോക്കുകയും എല്ലാതരത്തിലുള്ള കലഹങ്ങളിൽ നിന്നും കുഴപ്പങ്ങളിൽനിന്നും രക്ഷപ്പെടുകയും ചെയ്യേണ്ടതാണ്.

എന്തായാലും പൊതുവെ മുസ്‌ലിംലോകത്ത് എന്തൊന്നാണോ നടന്നുകൊണ്ടിരിക്കുന്നത് അത് ഓർത്തുകൊണ്ടാണ് ഞാൻ സംസാരിച്ചത്. പക്ഷേ, നമുക്ക് നമ്മുടെ അവസ്ഥകളിലും ആത്മപരിശോധന നടത്തികൊണ്ടിരിക്കേണ്ടതാണ്. ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നത് ശയ്ത്വാന് ഒരിക്കലും സഹിക്കുകയില്ലെന്നത് എപ്പോഴും ഓർക്കേണ്ടതാണ്. ശയ്ത്വാൻ അവന്റെ പ്രകൃതിയനുസരിച്ച് നമ്മുടെ ഉള്ളിലും അസ്വസ്ഥതകൾ ഉണ്ടാക്കുകയും ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് കൂടിയിരിക്കുന്നവർ അല്ലെങ്കിൽ തങ്ങളുടെ തദ്ദേശ ഹൽഖകളിലേയോ നഗരത്തിലെ ജമാഅത്തുപരമായ വ്യവസ്ഥിതിയേയോ ദേശീയ ജമാഅത്തുപരമായ വ്യവസ്ഥിതിയേയോ സംബന്ധിച്ച് സംസാരിക്കുന്നവർ ശയ്ത്വാന്റെ ചതികളിൽ വന്നുപെടുന്നു. ശയ്ത്വാന്റെ ജോലി സഹതാപിയായിക്കൊണ്ട് ആക്രമണം നടത്തുക എന്നതാണ്. അതുകൊണ്ട് അത്തരം മജ്‌ലിസുകളിൽ യഥാർഥത്തിൽ ജമാഅത്തുപരമായ വ്യവസ്ഥിതിക്ക് വിരുദ്ധം പ്രവർത്തിക്കാത്ത ആളുകളും പങ്കെടുക്കുന്നു. അവിടേയും ഇവിടേയും സഭകൾകൂടി അവർ സംസാരിക്കുന്നു. വലിയ രഹസ്യവും സുപ്രധാനവുമായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നതെന്നും ജമാഅത്തിനെ കുറിച്ചുള്ള വേദനകൊണ്ടാണ് സംസാരിക്കുന്നതെന്നും തോന്നുംവിധമായിരിക്കും അവർ സംസാരിക്കുന്നത്. ഇത് തികച്ചും തെറ്റായ രീതിയാണ്. പാപവും ധിക്കാരവും റസൂലിനോടുള്ള നിഷേധവും, തഖ്‌വയിൽനിന്ന് അകന്നിരിക്കുന്നതിന്റെ അടയാളങ്ങളാണ്. അതുകൊണ്ട് അത്തരം മജ്‌ലിസുകളിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു മുഅ്മിനീംകളെ ജാഗ്രതപ്പെടുത്തിയിരിക്കുന്നു. ഏതെങ്കിലും ഭാരവാഹിക്കെതിരെ പരാതിയുണ്ടെങ്കിൽ അല്ലെങ്കിൽ അമീറിനെതിരെ പരാതിയുണ്ടെങ്കിൽ കേന്ദ്രത്തിൽ പരാതിപ്പെടുക. കാലത്തിന്റെ ഖലീഫ വരെ എത്തിക്കുക. അതോടെ ജമാഅത്തംഗങ്ങളുടെ ജോലി കഴിയുന്നു. പിന്നീട് ഏതെങ്കിലും കാര്യം എങ്ങനെ നോക്കണമെന്നും അത് എങ്ങനെ പരിഹരിക്കണമെന്നുമുള്ളത് കാലത്തിന്റെ ഖലീഫയുടെ ജോലിയാണ്. അതെ, ദുആ എല്ലാ ഓരോരുത്തരും നിർബന്ധമായും ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. എല്ലാ ഓരോ അഹ്മദിയും വേദനയോടുകൂടി ദുആ ചെയ്യേണ്ടതാണ്. അല്ലാഹു എല്ലാ വിധത്തിലുള്ള തിന്മകളേയും ജമാഅത്തിൽനിന്ന് എടുത്തുമാറ്റുമാറാകട്ടെ. തഖ്‌വയിലൂടെ നടക്കുന്നവരും പ്രവർത്തിക്കുന്നവരും എപ്പോഴും ജമാഅത്തിന് കിട്ടിക്കൊണ്ടിരിക്കുമാറാകട്ടെ.

ജമാഅത്തിന് അല്ലാഹു അഭിവൃദ്ധി നല്കിക്കൊണ്ടുപോകുമ്പോൾ -നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു- ശയ്ത്വാനും അവന്റെ ജോലി എടുക്കേണ്ടതുണ്ടെന്ന സുപ്രധാനമായ കാര്യം എല്ലാവരും ഓർമവയ്ക്കേണ്ടതാണ്. താൻ മുഅ്മിനീംകളെ നേരായമാർഗത്തിൽനിന്ന് തെറ്റിക്കാനുള്ള പണിയെടുക്കുമെന്ന കാര്യം ശയ്ത്വാൻ ആദ്യദിവസം മുതൽതന്നെ അല്ലാഹുവിന്റെ മുമ്പിൽ പ്രകടിപ്പിച്ചിട്ടുള്ളതും അനുവാദം വാങ്ങിയിട്ടുള്ളതാണ്. അഹ്മദിയ്യത്തിന്റെ എതിരാളികൾ തുറന്നനിലയിൽ എവിടെയാണോ ജമാഅത്തിന്നെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ചെയ്യാൻപോകുന്നതും അവിടെ സഹതാപത്തിന്റെ പേരിൽ നിഷ്ക്കളങ്കരായ ആളുകളേയും ദുർബല വിശ്വാസികളേയും കുഴപ്പമുണ്ടാക്കുന്നതിന് തങ്ങളുടെ ആയുധമാക്കുന്നു. അതുകൊണ്ട് എല്ലാ അഹ്മദിയും ഇക്കാര്യത്തിൽ ജാഗരൂകരായിരിക്കേണ്ടതാണ്. അല്ലാഹു ജമാഅത്തിനെ ആന്തരികവും ബാഹ്യവുമായ എല്ലാ ഫിത്നകളിൽനിന്നും രക്ഷിക്കുമാറാകട്ടെ. എപ്പോഴും എപ്പോഴും നന്മയുടെയും തഖ്‌വയുടെയും മജ്‌ലിസിൽ ഇരിക്കുകയും അതിന്റെ ഭാഗമാകുന്നതിന് തൗഫീഖ് നല്കുകയും ചെയ്യുമാറാകട്ടെ. പാപവും ധിക്കാരവും റസൂലിനെ നിഷേധിക്കലും ഭക്തിയിൽനിന്ന് അകന്നിരിക്കുകയും ചെയ്യുന്ന മജ്‌ലിസുകളാകാതിരിക്കട്ടെ.

മജ്‌ലിസുകളുടെ വിവിധ ഇനങ്ങളെയും അവസ്ഥകളെയും കുറിച്ച് നബി തിരുമേനിയുടെയും ചില നിർദ്ദേശങ്ങളുണ്ട്. അവിടത്തെ സത്യസന്ധനായ ദാസൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ചില നിർദ്ദേശങ്ങളുണ്ട്. അതും ഇപ്പോൾ സമർപിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഏതെങ്കിലും മജ്‌ലിസിൽ അല്ലാഹുവിനും അവന്റെ റസൂലിനുമെതിരിൽ പരിഹാസമുണ്ടാകുകയാണെങ്കിൽ അവരിൽ ഗണിക്കപ്പെടാതിരിക്കാൻ ഒന്നുകിൽ അവിടന്ന് എഴുന്നേറ്റുപോകുക. അല്ലെങ്കിൽ തുറന്നനിലയിൽ പൂർണമായും അതിന് മറുപടി നല്കുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മജ്‌ലിസിൽ ഇരിക്കുകയും മുഖപ്രശംസ കാണിച്ചുകൊണ്ടോ ഭയംകൊണ്ടോ അക്കൂട്ടർ പറയുന്ന ഓരോന്നും സമ്മതിക്കുകയും പിന്നീട് നിങ്ങൾ തെറ്റാണ് ചെയ്യുന്നത് ഇക്കാര്യം ഇങ്ങനെയല്ല വേണ്ടത് ഇങ്ങനെയാണ് വേണ്ടിയിരുന്നതെന്ന് പതിഞ്ഞസ്വരത്തിൽ പറയുകയും തുറന്നനിലയിൽ കാര്യങ്ങൾ പ്രകടിപ്പിക്കാതിരിക്കുകുകയും ചെയ്യുന്നത് കപടതയാണ്. ഇത് മുഅ്മിന്റെ രീതിയല്ല. അല്ലാഹുവിനും അവന്റെ റസൂലിനും അവൻ സ്ഥാപിച്ചിട്ടുള്ള ജമാഅത്തിന്റെ വ്യവസ്ഥിതിക്കുമെതിരിൽ സംസാരം കേട്ടാൽ ശക്തമായ നിലയിൽ അതിനെ ഖണ്ഡിക്കുക എന്നതായിരിക്കണം സത്യവിശ്വാസിയുടെ പ്രതികരണം. നിങ്ങൾ പറയുന്നതെല്ലാം ശരിയാണെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ കാലത്തിന്റെ ഖലീഫയോടും വ്യവസ്ഥിതിയോടും പറയുകയാണ് വേണ്ടതെന്നും ഇങ്ങനെ പറഞ്ഞുനടക്കാൻ നിങ്ങൾക്ക് അനുവാദമില്ലെന്നും അക്കാര്യങ്ങൾ പറയുന്നവരോട് പറയുക. ഇത്തരം മജ്‌ലിസുകളിൽ മനുഷ്യൻ ഇരിക്കു

കയും തുറന്നനിലയിൽ പറയാതെ പതിഞ്ഞസ്വരത്തിൽ ഖണ്ഡിക്കുകയുമാണെങ്കിൽ അത് കാപട്യമായിത്തീരുന്നതാണെന്നും അതിൽനിന്ന് മുഅ്മിൻ രക്ഷപ്പെടേണ്ടതാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. ദീനീകാര്യങ്ങളിലും വ്യവസ്ഥിതിയുടെ കാര്യങ്ങളിലും ഒരിക്കലും ധാർമികരോഷമില്ലായ്മ കാണിക്കാൻ പാടില്ല. ധാർമികരോഷത്തിന്റെ പ്രകടനം രണ്ട് രീതിയിലാണ്. ഒന്നുകിൽ തുറന്നനിലയിൽ കാര്യം പറയുക. അല്ലെങ്കിൽ ആ മജ്ലിസിൽനിന്ന് എഴുന്നേറ്റുപോവുക. ഈ രീതി അല്ലാഹുവും പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദീകരണം നബി(സ) തിരുമേനിയും നൽകിയിരിക്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഒരു സ്വഹാബി ഹാജരായി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എനിക്ക് എന്തെങ്കിലും ഉപദേശം തന്നാലും. അവിടന്ന് പറഞ്ഞു: അല്ലാഹുവിനോട് ഭക്തി കൈക്കൊള്ളുക. നിങ്ങൾ ഏതെങ്കിലും ജനതയുടെ മജ്ലിസിൽ പോകുകയും അവരെ അവരുടെ സ്വഭാവമനുസരിച്ച് സംസാരിക്കുന്നത് കാണുകയും ചെയ്താൽ അവിടെ നിൽക്കുക. അതായത് നന്മയുടെ കാര്യങ്ങൾ അവർ സംസാരിക്കുകയും തെറ്റായ വിധത്തിലുള്ളതും കലഹങ്ങളും കുഴപ്പങ്ങളും അടങ്ങുന്നതുമായ കാര്യങ്ങൾ പറയാതിരിക്കുകയുമാണെങ്കിൽ അവിടെ നിൽക്കുക. എന്നാൽ, താങ്കൾ ഇഷ്ടപ്പെടാത്ത കാര്യങ്ങളിലാണ് അവർ മുഴുകുന്നതെങ്കിൽ ആ മജ്ലിസ് ഉപേക്ഷിച്ചുപോരുക.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) വിവരിക്കുന്നു: ഒരാൾ നബി(സ) തിരുമേനിയോട് ചോദിച്ചു: ഞങ്ങൾ എത്തരത്തിലുള്ള ആളുകളുടെ മജ്ലിസിലാണ് ഇരിക്കേണ്ടത്? അവിടന്ന് പറഞ്ഞു: ഏതൊരു കൂട്ടരെ കാണുമ്പോഴാണോ നിങ്ങൾക്ക് ദൈവത്തെ ഓർമവരുന്നത് അത്തരക്കാരുടെ മജ്ലിസുകളിൽ നിങ്ങൾ ഇരിക്കുക. അവരുടെ സംസാരംകൊണ്ട് നിങ്ങളുടെ മതപരമായ അറിവ് വർധിക്കുകയും അവരുടെ കർമങ്ങൾ നിങ്ങളെ പരലോകത്തെക്കുറിച്ച് ഓർമപ്പെടുത്തുകയും വേണം. ഇതാണ് അടിസ്ഥാനപരമായ മാർഗദർശനം. ഒരു മുഅ്മിൻ തന്റെ മജ്ലിസിന്റെ തിരഞ്ഞെടുപ്പുവേളയിൽ ഇത് മുന്നിൽ വെക്കേണ്ടതാണ്. കേവലം ഭൗതികചിന്താഗതിക്കാരുടെ മജ്ലിസുകളാണെങ്കിൽ ആ മജ്ലിസുകളെ ഒരു മുഅ്മിൻ ഇഷ്ടപ്പെടാൻ പാടില്ല. അത്തരം മജ്ലിസിൽനിന്ന് ഉടനെ എഴുന്നേറ്റുപോരേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതായാൽ നമ്മളിലുള്ള വലിയവരും ചെറുപ്പക്കാരും ഒരുപാട് ദോഷങ്ങളിൽനിന്ന് രക്ഷപ്പെടുന്നതാണ്.

ജമാഅത്തിലും ചില സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ചീത്തയായ കൂട്ടുകെട്ടുകളുടെയും മോശമായ മജ്ലിസിന്റെയും സ്വാധീനം കൊണ്ട് യുവത്വത്തിൽ ചുവട് വെച്ചയുടനെ യുവാക്കൾ മറ്റുള്ളവർക്ക് നഷ്ടമുണ്ടാക്കുന്നതും അയൽവാസികൾക്ക് നഷ്ടമുണ്ടാക്കുന്നതും അല്ലെങ്കിൽ വഴിയാത്രക്കാർക്ക് നഷ്ടമുണ്ടാക്കുന്നതും എവിടെയെങ്കിലും പോയാൽ അവിടെയും ദ്രോഹപരമായ നിലയിൽ നഷ്ടം വരുത്തുന്നതുമായ ചില പ്രവൃത്തികൾ ചെയ്യുന്നു. അയാൾ ഈ ജമാഅത്തിലെ വ്യക്തിയാണെന്ന് അറിഞ്ഞാൽ പിന്നീട് ജമാഅത്തിനും ദുഷ്പേരിന് കാരണമാകുന്നു. അതുകൊണ്ട് നമ്മുടെ യുവാക്കളും യുവത്വത്തിൽ ചുവടു വെക്കാൻ തുടങ്ങുന്ന കുട്ടികളും ചീത്തക്കൂട്ടുകെട്ടുകളിൽനിന്നും മജ്ലിസുകളിൽനിന്നും സുരക്ഷിതരായിരിക്കുന്നതിനുവേണ്ടി മാതാപിതാക്കളും തങ്ങളുടെ കുട്ടികളുടേയും മജ്ലിസുകളുടേയും അവരുടെ കൂട്ടുകെട്ടുകളുടേയുംമേൽ ദൃഷ്ടിവെക്കേണ്ടതാണ്. സ്വയം വീടു കളിലും പരിശുദ്ധമായ മീറ്റിംഗുകൾ ചേരേണ്ടതാണ്. അത് എപ്പോഴും ശിക്ഷണപരമായ വീക്ഷണത്താൽ ഉന്നതമായിരിക്കേണ്ടതാണ്.

നബി(സ) തിരുമേനി ഒരവസരത്തിൽ പറഞ്ഞു: ഏതെങ്കിലും ജനത മസ്ജിദിൽ ദൈവഗ്രന്ഥം പാരായണം ചെയ്യുകയും പരസ്പരം ദർസുകൾ കേൾക്കുന്നതിനുവേണ്ടി ഇരിക്കുകയും ചെയ്താൽ അല്ലാഹു അവരുടെമേൽ സമാധാനം ഇറക്കുന്നതായിരിക്കും. അല്ലാഹുവിന്റെ കാരുണ്യം അവരെ പൊതിഞ്ഞെടുക്കുന്നതാണ്. മലക്കുകൾ അവരെ തങ്ങളുടെ വൃത്തത്തിൽ എടുക്കുന്നു. അല്ലാഹുവിന്റെ വലിയ കൃപയാണ് ജമാഅത്തിനുള്ളത്. ജമാഅത്തിന് അത്തരം അവസരങ്ങൾ ലഭ്യമായിരിക്കുന്നു. ഇപ്രകാരംതന്നെ നബി(സ) തിരുമേനി ഒരവസരത്തിൽ പറഞ്ഞു: ഏതൊരു കൂട്ടരാണോ ഏതെങ്കിലും മജ്ലിസിൽ ഇരിക്കുകയും അവിടെ ദൈവസ്മരണ ചെയ്യാതിരിക്കുകയും ചെയ്യുന്നത് അവർ തങ്ങളുടെ മജ്ലിസിനെ ഖിയാമത്തുന്നാൾ വളരെ വേദനയോടെ നോക്കുന്നതായിരിക്കും. അതിനാൽ ഇജ്തിമായിൽ പങ്കെടുക്കാൻ വരുന്നവരും ഇക്കാര്യം ഓർമിക്കേണ്ടതാണ്. വന്ന കാര്യം നിങ്ങൾ പൂർത്തിയാക്കുക. നമ്മുടെ മജ്ലിസുകൾ പുനരുത്ഥാനനാളിൽ വളരെ ഖേദത്തോടുകൂടി നോക്കപ്പെടുന്ന മജ്ലിസുകളിൽ ആകാതിരിക്കാൻ നിങ്ങളുടെ സമയം പരിഹാസത്തിലും നിന്ദ്യതയിലും വ്യർഥമായ ഭാഷണത്തിലും കഴിക്കുന്നതിനുപകരം കൂടുതൽ സമയം ദൈവസ്മരണയ്ക്കും നന്മയുടെ കാര്യങ്ങൾ പറയുന്നതിനും കേൾക്കുന്നതിനും ചെലവഴിക്കുക. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: നബി(സ) പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികളെ കൂടാതെ മറ്റാരുടെയും കൂടെയിരിക്കരുത്. മുത്തഖിയല്ലാതെ മറ്റാരും നിങ്ങളുടെ ഭക്ഷണം കഴിക്കരുത്. പറഞ്ഞതിന്റെ ഉദ്ദേശ്യം നിങ്ങളുടെ അഗാധമായ സുഹൃത്ബന്ധവും അധികമധികമായുള്ള ഇടപഴകലും നിങ്ങളുടെ സമയങ്ങൾ കഴിച്ചുകൂട്ടലും നിങ്ങളുടെ മജ്ലിസുകളും ഏറ്റവും കൂടുതൽ വിശ്വാസപരമായി ശക്തി പ്രാപിച്ചവരും തഖ്‌വയിലൂടെ നടക്കുന്നവരുമായിട്ടായിരിക്കണം എന്നാണ്. നിങ്ങളും നന്മയിലും ഭക്തിയിലും മുന്നോട്ടുഗമിക്കുന്നതിനാണിത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആത്മപരിശുദ്ധിക്കുള്ള ഒരു വഴി അല്ലാഹു പറഞ്ഞത് **കൂനൂമഅസ്സ്വാദിഖീൻ** അതായത് വാക്കുകൊണ്ടും പ്രവർത്തികൊണ്ടും എല്ലാ അവസ്ഥയിലും സത്യസന്ധതയിൽ നിലകൊള്ളുന്നവരോടൊപ്പം നിങ്ങൾ സഹവസിക്കുക. സഹവാസത്തിന് വലിയ സ്വാധീനമാണുള്ളത്. അത് ഉള്ളിന്റെ ഉള്ളിൽ ഉണ്ടായിക്കൊണ്ടുപോകുന്നു. പറഞ്ഞു: ആരാണോ മദ്യശാലയിൽ പോകുന്നത് അവൻ എത്ര പഥ്യം പാലിച്ചാലും താൻ കുടിക്കില്ലെന്ന് പറഞ്ഞാലും അവൻ കുടിച്ചുപോകുന്ന ഒരു ദിവസം വരികതന്നെ ചെയ്യും. നമുക്ക് ചീത്ത സഹവാസങ്ങളിൽനിന്ന് രക്ഷപ്പെടേണ്ട ആവശ്യമുണ്ട്. പൊതുവെയുള്ള ഭൗതിക തൊഴിലുകളിൽ അന്യരോടൊപ്പവും ബന്ധം എന്തായാലുമുണ്ടാകും. പക്ഷേ, ഈ ബന്ധങ്ങളിൽ പരിധികൾ ഉണ്ടായിരിക്കേണ്ടതാണ്. അവരുടെ വ്യർഥമായ മജ്ലിസുകളിലും മനുഷ്യൻ പൊയ്ക്കൊള്ളണമെന്നതല്ല. ഇക്കാര്യം തടയുന്നതിന് നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ ദീനില്ലാത്ത ആളുകളോടൊപ്പം കൂടുതൽ ഇടപഴകുന്നതും ഭക്ഷണം കഴിക്കുന്നതും പാനം ചെയ്യുന്നതും നിങ്ങളെ നിങ്ങളുടെ ദീനിൽനിന്നും തഖ്‌വയിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നതാണ്. അതെ, തബ്ലീഗ് ചെയ്യുന്നതിനും സൽകാര്യങ്ങൾ എത്തിക്കുന്നതിനും അവരെ തങ്ങളുടെ മജ്ലിസുകളിൽ കൊണ്ടുവരേണ്ടതാണ്. കാരണം നന്മയുടെ ഈ മജ്ലിസുകൾ പിന്നീട് അതിന്റെ സ്വാധീനം വിട്ടുവെച്ചുപോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനുഷ്യൻ ഒരു നേർമാർഗിയുടെയും സത്യസന്ധന്റേയും അടുക്കൽ ഇരിക്കുമ്പോൾ സത്യസന്ധത അവനിൽ പ്രവർത്തിച്ചുതുടങ്ങു

ന്നു. പക്ഷേ, ആരാണോ സന്മാർഗികളുമായുള്ള സഹവാസം ഉപേക്ഷിക്കുന്നത് എന്നല്ല ദ്രോഹികളുടെ സഹവാസം സ്വീകരിക്കുന്നത് അവനിൽ തിന്മ സ്വാധീനം ചെലുത്തിക്കൊണ്ടേപോകും. അതുകൊണ്ടാണ് ഹദീഥുകളിലും വിശുദ്ധഖുർആനിലും ചീത്ത സഹവാസത്തിൽനിന്ന് മാറിനിൽക്കാൻ താക്കീത് ചെയ്തിട്ടുള്ളത്. എഴുതിയിരിക്കുന്നു, എവിടെയാണോ അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിന്ദിക്കുന്നത് ആ മജ്ലിസിൽനിന്ന് ക്ഷണത്തിൽ എഴുന്നേറ്റുപോരേണ്ടതാണ്. അപമാനം കേട്ടിട്ടും എഴുന്നേറ്റു പോരാത്തവൻ അവരിൽ ഗണിക്കപ്പെടുന്നതാണ്.'

വീണ്ടും പറയുന്നു: സത്യസന്ധരുടേയും സന്മാർഗികളുടേയും അടുത്ത് ഇരിക്കുന്നവരും അവരിൽ പങ്കാളികളാണ്. അതുകൊണ്ട് മനുഷ്യൻ **കൂനൂമഅസ്സ്വാദിഖീൻ** എന്ന പരിശുദ്ധ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാൻ എത്രമാത്രം ആവശ്യമാണുള്ളത്. പറഞ്ഞു: ഹദീഥിൽ വന്നിരിക്കുന്നു, അല്ലാഹു മലക്കുകളെ ലോകത്തയക്കുന്നു. അവർ പരിശുദ്ധരായ ആളുകളുടെ മജ്ലിസിൽ വരുന്നു. തിരിച്ചുചെല്ലുമ്പോൾ നിങ്ങൾ എന്താണ് കണ്ടത്? എന്ന് അല്ലാഹു അവരോട് ചോദിക്കുന്നു. അവർ പറയുന്നു: ഞങ്ങൾ ഒരു മജ്ലിസ് കണ്ടു. അതിൽ നിന്നെ സ്മരിക്കുകയായിരുന്നു. പക്ഷേ, ഒരാൾ ആ സ്മരിക്കുന്നവരിൽ പെട്ടവനായിരുന്നില്ല. എങ്കിലും അയാൾ അവിടെ ഇരിപ്പുണ്ടായിരുന്നു. അല്ലാഹു പറയുന്നു: അങ്ങനെയല്ല, അയാളും അവരിൽപെട്ടയാളാണ്. കാരണം **ഇന്നഹും കൗമുൻ ലാ യശ്ഖാ ജലീസുഹും** സത്യസന്ധന്മാരുടെ സഹവാസംകൊണ്ട് എത്രകണ്ട് ഫലമാണുള്ളതെന്ന് ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നു. അവരുടെ സഹവാസത്തിൽനിന്ന് അകന്നിരിക്കുന്ന വ്യക്തി അങ്ങേയറ്റം നിർഭാഗ്യവാനാണ്.

ഹദ്ത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ ദുആ മുഖേന അല്ലാഹുവിനോട് ഈശ്വരീയജ്ഞാനം ചോദിക്കുക എന്ന കാര്യം വളരെ ആവശ്യമുള്ളതാണ്. ഇതുകൂടാതെ ദൃഢവിശ്വാസം പരിപൂർണമായ നിലയിൽ ഒരിക്കലും കരസ്ഥമാകുകയില്ല. അത് കരസ്ഥമാകുന്നത് അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കുന്നതിൽ ഒരു മരണമുണ്ടെന്ന വിവരം അറിയുമ്പോഴാണ്. പറഞ്ഞു: ആപത്തുകളിൽനിന്ന് രക്ഷപ്പെടുന്നതിന് ദുആ ചെയ്യുന്നതോടൊപ്പം പ്രയത്നങ്ങളുടെ പരമ്പര കൈയിൽനിന്ന് വിട്ടുകളയാൻ പാടില്ല. എല്ലാ മജ്ലിസുകളും അതിൽ പങ്കെടുക്കുന്നതുകൊണ്ട് പാപം ചെയ്യാൻ പ്രേരണയുണ്ടെങ്കിൽ അവയെ ഉപേക്ഷിക്കുക. അതിനോടൊപ്പം ദുആയും ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിൽനിന്ന് മനുഷ്യരോടൊപ്പം സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആപത്തുകളിൽനിന്ന് അല്ലാഹുവിന്റെ സഹായമില്ലാതെ രക്ഷപ്പെടാൻ സാധ്യമല്ലെന്നത് നല്ലവണ്ണം അറിഞ്ഞുകൊള്ളുക. ഒരിക്കലും രക്ഷപ്പെടുകയില്ല. പറഞ്ഞു: അഞ്ചുനേര നമസ്കാരത്തിലും ഇതേ സൂചനയാണുള്ളത്. അവൻ ശാരീരികമായ വികാരങ്ങളിൽനിന്നും ചിന്താഗതികളിൽനിന്നും അതിനെ സംരക്ഷിക്കാത്തിടത്തോളം സത്യസന്ധമായ നമസ്കാരം ഒരിക്കലും അനുഷ്ഠിക്കുന്നവനാകുകയില്ല. നമസ്കാരത്തിന്റെ അർഥം തല താഴെ മുട്ടിക്കലോ ആചാരമായിട്ടോ ശീലമായിട്ടോ നിറവേറ്റലോ ഒരിക്കലുമല്ല. നമസ്കാരം എന്നു പറയുന്നത് മനസ്സും അത് അറിഞ്ഞിരിക്കണമെന്നതാണ്. ആത്മാവ് ഉരുകി ഭീഷണസ്ഥിതിയിൽ ദൈവസവിധത്തിൽ വീഴുക. പറഞ്ഞു: എത്രത്തോളം കഴിവുണ്ടോ അത്രത്തോളം വേദനയുണ്ടാക്കാൻ പരിശ്രമിക്കുക. കീഴൊതുങ്ങി ചോദിക്കുക. ആത്മാവിലുള്ള പാപങ്ങളും പൊങ്ങച്ചവും അകലാൻ വേണ്ടി പ്രാർഥിക്കുക. ഇത്തരം നമസ്കാരമാണ് അനുഗൃഹീതമായിട്ടുള്ളത്. ഒരവസരത്തിൽ നബി(സ) പറഞ്ഞു: ചില വാക്യങ്ങളുണ്ട് അവതന്റെ മജ്ലിസുകളിൽനിന്ന് എഴുന്നേൽക്കുമ്പോൾ മൂന്ന് പ്രാവശ്യം ചൊല്ലിയാൽ അവൻ അവിടെ ചെയ്തിട്ടുള്ള പാപം മൂടിവെക്കപ്പെടുന്നതായിരിക്കും. ആരാണോ ഈ വാക്യങ്ങൾ ഏതെങ്കിലും നന്മയുടെ മജ്ലിസിലും ദൈവസ്മരണയുടെ മജ്ലിസിലും ചൊല്ലിയത് അതോടുകൂടി അവനിൽ അത് മുദ്രവെക്കപ്പെടുന്നതായിരിക്കും. ആ വാക്യങ്ങൾ ഇതാണ്. **സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക അശ്ഹദു അല്ലാ ഇലാഹ ഇല്ലാ അൻത അസ്തഗ്ഫിറുക്ക വഅതൂബു ഇലയ്ക്ക.** അല്ലാഹുവേ നീ സ്തുതിയോടൊപ്പം പരിശുദ്ധനാണ്. നിന്നെക്കൂടാതെ ഒരു ആരാധ്യനുമില്ല. നിന്നോട് പൊറുക്കലിനെ തേടുന്നു. നിന്നിലേക്ക് മടങ്ങുകയും ചെയ്യുന്നു. അമീറുൽമുഅ്മിനീൻ പറഞ്ഞു: ഈ പ്രാർഥന അനിഷ്ടകരമായ കാര്യങ്ങളുടെ ദുസ്വാധീനത്തിൽനിന്ന് സുരക്ഷിതമാക്കിവെക്കുന്നതാണ്. മനുഷ്യന് നല്ല മജ്ലിസുകളുടെ അനുഗ്രഹത്തിൽനിന്ന് കൂടുതൽ കൂടുതൽ അനുഗ്രഹം തേടാൻ നിമിത്തമായിത്തീരുന്നതാണ്.

ഖുത്ബയുടെ അവസാനം അമീറുൽ മുഅ്മിനീൻ പറഞ്ഞു: അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ എപ്പോഴും ചീത്ത മജ്ലിസുകളിൽനിന്ന് രക്ഷപ്പെടുന്നവരാകട്ടെ. ഇനി അഥവാ അറിയാതെകണ്ട് അതിൽ പങ്കെടുത്താൽത്തന്നെയും അവയുടെ ദുസ്വാധീനത്തിൽനിന്ന് കാത്തുരക്ഷിക്കുമാറാകട്ടെ. നമ്മളോട് കാരുണ്യത്തോടും പൊറുക്കലോടും കൂടി പെരുമാറട്ടെ. നമ്മെ എപ്പോഴും ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്ത് വ്യവസ്ഥിതിയോടും ചേർന്നിരിക്കുന്നവരാക്കട്ടെ. എല്ലാ ഫിത്നയുണ്ടാക്കുന്നതിൽനിന്നും ഫിത്നയുടെ ദ്രോഹത്തിൽനിന്നും നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ.

അതിനുശേഷം ഒരു ആഫ്രിക്കൻ അഹ്മദി ബിലാൽ അബ്ദുൽ സലാം സാഹിബ് Philadelphia യു.എസ്.എയുടെ ജനാസ നമസ്കാരം നമസ്കരിപ്പിക്കുന്നതാണെന്ന് അമീറുൽമുഅ്മിനീൻ വിളംബരം ചെയ്തു. അദ്ദേഹത്തെ സ്മരിക്കുകയും ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 22-09-17
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala